# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2035** 17-12-2012-ൽ മറുപടിയ്ക്ക്

### പോങ്ങൻഭാര്യ തങ്കമ്മ മർദ്ദനമേറ്റ സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് കൈപ്പരുളി കരയിൽ പള്ളിമാലി പോങ്ങൻ ഭാര്യ നെല്ലക്കിളി എന്ന തങ്കമ്മ, മകൻ മർദ്ദിച്ചതായി കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ 12.11.2012-ന് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതിയിലും പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടറുടെ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (ബി) പരാതിയുടെ അടിസ്ഥാനത്തിൽ കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ ക്രൈം 1374/12 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡോക്ടറുടെ റിപ്പോർട്ടിൽ തങ്കമ്മയുടെ നെറ്റിയിൽ 3 ഇഞ്ച് നീളത്തിൽ മുറിവ് പാടുള്ളതായി പറഞ്ഞിട്ടുണ്ട്. ടി കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും കേസ് കോടതിയിൽ 29.11.2012 തീയതിയിൽ ചാർജ് ഷീറ്റ് ഹാജരാക്കിയിട്ടുള്ളതുമാണ്. ഡോക്ടറെ സാക്ഷിയാക്കിയിട്ടുണ്ട്. |

(സി) മർദ്ദനം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; കേസ് നമ്പർ, പ്രതി, പ്രതിയെ അറസ്റ്റ് ചെയ്ത തീയതി, കേസിന്റെ വകുപ്പുകൾ, സാക്ഷികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് നമ്പർ - ക്രൈം 1374/12.

പ്രതി - സാജു S/o വേങ്ങൻ, പള്ളിമാലി വീട്, വേങ്ങൂർ (ആവലാതിക്കാരിയുടെ മകൻ).

അറസ്റ്റു ചെയ്ത തീയതി - 27.11.2012

കേസിന്റെ വകുപ്പുകൾ - 323, 324, 506(1), 427 ഐ.പി.സി.

സാക്ഷികൾ - (1) സത്യൻ,
(2) എൽദേസ്, (3) തങ്കപ്പൻ,
(4) ഡോ. റോഷിദ്,
താലൂക്ക് ഹോസ്പിറ്റൽ പെരുമ്പാവൂർ.

(ഡി) പട്ടികജാതിക്കാരിയായ തങ്കമ്മയെ മർദ്ദിച്ച പ്രതിയെ അറസ്റ്റു ചെയ്യുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ് ; വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

കാലതാമസം ഉണ്ടായിട്ടില്ല. വീഴ്ച സംഭവിച്ചിട്ടില്ലാത്തതുമാണ്.

(signature)

സെക്ഷൻ ഓഫീസർ